## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3446 16/12/2015 ൽ മറുപടിയ്ക്ക്.**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതി തീരുമാനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി.കെ.കെ.ലതിക : | ഡോ.എം.കെ.മുനീർ<br>(ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

(എ) സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുന്ന തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ ഭരണ സമിതി തീരുമാന സഹിതമുള്ള അപേക്ഷകളിൽ അപേക്ഷ ലഭിച്ച് ഇത്ര ദിവസത്തിനകം തീരുമാനമെടുത്ത് അറിയിക്കണമെന്ന് വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) വ്യവസ്ഥ ചെയ്യപ്പെട്ട ദിവസത്തിനകം സർക്കാരിന്റെ തീരുമാനം പ്രസ്തുത സ്ഥാപനങ്ങളെ അറിയിച്ചില്ലെങ്കിൽ സർക്കാർ അനുമതിയില്ലാതെ തന്നെ പ്രസ്തുത സ്ഥാപനങ്ങൾക്ക് അവരുടെ തീരുമാനം നടപ്പിലാക്കാൻ കഴിയുമോ; നടപ്പിലാക്കിയാൽ നിയമപരമായ തടസ്സങ്ങളുണ്ടോ; എന്നീ കാര്യങ്ങൾ വിശദമാക്കുമോ?

(എ) യും (ബി) യും (സി) യും ഒരു പഞ്ചായത്ത് ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമവും ചട്ടങ്ങളും അനുസരിച്ച് പഞ്ചായത്തുകൾക്ക് നൽകിയിട്ടുള്ള അധികാര സീമ ലംഘിക്കുന്നതാണോ അത് നിയമാനുസൃതം പാസ്സാക്കിയതല്ലെന്നോ അല്ലെങ്കിൽ അത് നടപ്പിലാക്കിയാൽ മനുഷ്യ ജീവനോ ആരോഗ്യത്തിനോ പൊതു സുരക്ഷയ്ക്കോ അപകടമാകുവാൻ സാധ്യതയുള്ളതാണെന്നോ സെക്രട്ടറിയ്ക്ക് അഭിപ്രായമുള്ള പക്ഷം പ്രസ്തുത തീരുമാനം പുനരവലോകനം ചെയ്യുവാൻ സെക്രട്ടറി പഞ്ചായത്തിനോട് രേഖാമൂലം ആവശ്യപ്പെടാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അപ്രകാരമുള്ള ആവശ്യപ്പെടൽ പഞ്ചായത്തിന്റെ തൊട്ടടുത്ത യോഗത്തിൽ പരിഗണിക്കുവാനുള്ള ഒരു വിഷയമായി 1995 ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗനടപടി ക്രമം) ചട്ടങ്ങളിലെ 5-ാം ചട്ട പ്രകാരം തയ്യാറാക്കുന്ന അജണ്ടയിൽ

ഉൾപ്പെടുത്തേണ്ടതും സെക്രട്ടറിയുടെ അഭിപ്രായമടങ്ങുന്ന കുറിപ്പ് യോഗത്തിൽ ചർച്ച ചെയ്തതിന് ശേഷം പഞ്ചായത്ത് അതിന്റെ ആദ്യതീരുമാനത്തിൽ ഉറച്ച് നിൽക്കുവാൻ തീരുമാനിക്കുകയാണെങ്കിൽ പഞ്ചായത്ത് തീരുമാനവും അതിൻമേലുള്ള തന്റെ അഭിപ്രായവും സെക്രട്ടറി സർക്കാരിന്റെ തീരുമാനത്തിനായി രണ്ട് ദിവസത്തിനുള്ളിൽ അയച്ച് കൊടുക്കേണ്ടതാണ്. സർക്കാരിന്റെ തീരുമാനത്തിനായി സെക്രട്ടറി അയച്ചുകൊടുത്ത ഒരു പഞ്ചായത്ത് തീരുമാനത്തിൻമേൽ 15 ദിവസത്തിനകം സർക്കാരിൽ നിന്ന് യാതൊരു നിർദ്ദേശവും ലഭിക്കാത്ത പക്ഷം സർക്കാരിന് ഇക്കാര്യത്തിൽ നിർദ്ദേശമൊന്നും നൽകാനില്ല എന്ന നിഗമനത്തിൽ പ്രസ്തുത തീരുമാനം സെക്രട്ടറി നടപ്പിൽ വരുത്തേണ്ടതും അക്കാര്യം ഉടനടി സർക്കാരിനെ അറിയിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ